**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1579** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഊരനെല്ലിന്റെ ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ മേഖലകളിൽ ഊരനെല്ലിന്റെ ശല്യം മൂലം വൻതോതിൽ നെൽകൃഷി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാരണത്താൽ പ്രതിസന്ധിയിലായ നെൽകർഷകരെ സഹായിക്കാൻ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ? | (എ) | സംസ്ഥാനത്ത്, പ്രത്യേകിച്ച് കുട്ടനാട് പ്രദേശത്ത്, ഊരനെല്ലിന്റെ (വരിനെല്ല്) ശല്യം രൂക്ഷമാണെന്നതും ആയത് നെൽകൃഷിക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പാടശേഖര ങ്ങളിലെ വെള്ളം വറ്റിച്ച് വരിനെല്ലിന്റെ വിത്ത് മുളയ്ക്കാൻ അനുവദിച്ച ശേഷം വെള്ളം കയറ്റി നശിപ്പിക്കുക എന്നതാണ് വരിനെല്ലിന്റെ നിയന്ത്രണത്തിനുള്ള ശാസ്ത്രീയവും പ്രകൃതി സൗഹാർദവുമായ രീതി. എന്നാൽ ഇത് ഏറെ ശ്രമകരവും കർഷകർക്ക് ഭീമമായ കൃഷിച്ചെലവ് ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. ആയത് പരിഗണിച്ച് കൊണ്ട് കുട്ടനാട് പ്രദേശത്ത് വരിനെല്ലിന്റെ നിയന്ത്രണം ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന് വെള്ളം വറ്റിക്കുന്നതിന് പമ്പിങ്ങ് സബ്സിഡി അനുവദിച്ചിട്ടുണ്ട്. വരിനെല്ലിന്റെ നിയന്ത്രണ ത്തിനായി ശാസ്ത്രീയമായ രീതിയിലാണ് പമ്പിങ് നടത്തിയത് എന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പമ്പിങ് സബ്സിഡി അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ